## പതിമൂന്നാം കേരള നിയമസഭ
### ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 254 — 15/02/2013 ൽ മറുപടിക്ക്

## ആർ.എം.എസ്.എ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. അൻവർ സാദത്ത്:<br>ശ്രീ. വി.പി.സജീന്ദ്രൻ:<br>ശ്രീ. ലൂഡി ലൂയിസ്: | | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) ആർ.എം.എസ്.എ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം വിശദമാക്കുമോ; | എ) | 14 നും 18 നും ഇടയിൽ പ്രായമുള്ള എല്ലാവർക്കും ഗുണനിലവാരമുള്ള സെക്കന്ററി വിദ്യാഭ്യാസം നൽകുക എന്നതാണ് രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ പദ്ധതിയുടെ പ്രധാന ലക്ഷ്യം. എല്ലാ സെക്കന്ററി സ്കൂളുകളിലും അടിസ്ഥാന സൗകര്യങ്ങളും അദ്ധ്യാപകരും മറ്റു അവശ്യ സൗകര്യങ്ങളും ഉണ്ടെന്ന് ഉറപ്പാക്കുക; ഓരോ 5 കിലോമീറ്ററിനുള്ളിൽ ഒരു ഹൈസ്കൂളെങ്കിലും, 7-10 കിലോമീറ്ററിനുള്ളിൽ ഒരു ഹയർസെക്കന്ററി സ്കൂളെങ്കിലും സ്ഥാപിച്ചും ആവശ്യമായ യാത്രാസൗകര്യങ്ങൾ ഹോസ്റ്റൽ സൗകര്യങ്ങൾ എന്നിവ നൽകിയും എല്ലാവർക്കും സ്കൂളിലെത്താനുള്ള സൗകര്യം ഒരുക്കുക; സ്ത്രീ-പുരുഷ, ജാതി-മത, സാമ്പത്തിക, ശാരീരിക വൈകല്യവ്യത്യാസങ്ങളാൽ ഒരു കുട്ടി പോലും സ്കൂളുകളിലെത്താതിരിക്കുന്നില്ലെന്ന് ഉറപ്പുവരുത്തുക; സെക്കന്ററി വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കാനായി പാഠ്യപദ്ധതി പരിഷ്കരിക്കുക; എല്ലാ കുട്ടികൾക്കും ഗുണനിലവാരമുള്ള സെക്കന്ററി വിദ്യാഭ്യാസം ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുക എന്നിവയും ഉദ്ദേശ്യലക്ഷ്യങ്ങളിൽപെടുന്നു. |
| ബി) പദ്ധതികൾ നടപ്പാക്കാൻ എത്ര കോടി രൂപ കേന്ദ്രം അനുവദിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം; | ബി) | 2009-10 ൽ 19.62 കോടി രൂപയും 2010-11 ൽ 5.84 കോടി രൂപയും 2011-12 ൽ 19.09 കോടി രൂപയും ഉൾപ്പെടെ ആകെ 44.55 കോടി രൂപ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്. 2012-13 ലെ വാർഷികപദ്ധതിയിൽ 59.71 കോടി രൂപ കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ട്. തുക ലഭിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| സി) | എന്തെല്ലാം കാര്യങ്ങൾ നടപ്പാക്കാനാണ് തുക അനുവദിച്ചിരിക്കുന്നത്; വിശദമാക്കുമോ; | സി) & ഡി) | ആർ.എം.എസ്.എ പദ്ധതി പ്രകാരം അപ്ഗ്രേഡ് ചെയ്ത് പ്രവർത്തനം ആരംഭിച്ച ഗവൺമെന്റ് ഹൈസ്കൂളുകളിലെ 9,10 ക്ലാസുകളിലെ ആർ.എം.എസ്.എ നോംസ് പ്രകാരം നിയമിതരായ അദ്ധ്യാപകരുടെയും, ക്ലർക്ക്, പ്യൂൺ എന്നിവരുടെയും ശമ്പളം നൽകുക; എല്ലാ സർക്കാർ സ്കൂളുകൾക്കും 7500 രൂപ വീതം വാർഷിക ഗ്രാന്റ് നൽകുക ആർ.എം.എസ്.എ പദ്ധതി പ്രകാരം അപ്ഗ്രേഡ് ചെയ്ത സ്കൂളുകൾക്ക് മൈനർ റിപ്പയർ ഒഴിച്ച് 50,000/- രൂപ വാർഷിക ഗ്രാന്റായി നൽകുക, ആർ.എം.എസ്.എ പദ്ധതി പ്രകാരമുള്ള സ്കൂളുകളുടെ കെട്ടിട നിർമ്മാണത്തിന് ഫണ്ട് അനുവദിക്കുക; ആർട്ട് & ക്രാഫ്റ്റ് റും ടോയിലറ്റ് ബ്ലോക്കുകൾ; വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള വിനോദയാത്രകൾ, അദ്ധ്യാപക പരിശീലനം. ഗൈഡൻസ് ആന്റ് കൗൺസിലിങ് തുടങ്ങിയ പ്രവർത്തനങ്ങൾക്കാണ് കേന്ദ്ര സർക്കാർ തുക അനുവദിച്ചിരിക്കുന്നത്. ഇതിൽ ശമ്പളവും വാർഷിക ഗ്രാന്റും നൽകി വരുന്നതോടൊപ്പം ആർ.എം.എസ്.എ പദ്ധതി പ്രകാരം അപ്ഗ്രേഡ് ചെയ്ത് പ്രവർത്തനം ആരംഭിച്ച സ്കൂളുകളുടെ കെട്ടിട നിർമ്മാണത്തിനായി ഓരോ സ്കൂളിനും കേന്ദ്ര സർക്കാർ അനുവദിച്ച 58.12 ലക്ഷം രൂപയിൽ 20 ലക്ഷം രൂപ വീതം നൽകി ആകെ 12 കോടി രൂപ സ്കൂളുകളുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. ആർ.എം.എസ്.എ പദ്ധതി പ്രാവർത്തികമാക്കാനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു. |
| ഡി) | പദ്ധതികൾ പ്രാവർത്തികമാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | | |

സെക്ഷൻ ഓഫീസർ